"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-കേരള നിയമസഭ ലൈബ്രറി അന്താരാഷ്ട്ര പുസ്തകോത്സവം- പ്രണയ ജീവകം മെഗാ ഷോ-ജീവൻ ടി.വി-സ്പോൺസർഷിപ്പ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.223/2025/TSM തീയതി,തിരുവനന്തപുരം, 15-04-2025

---

പരാമർശം:- 1. ജീവൻ ടി.വി മാർക്കറ്റിംഗ് വിഭാഗം ജനറൽ മാനേജർ സമർപ്പിച്ച 21.12.2024-ലെ അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 16.03.2025 തീയതിയിലെ DOT/4202//2024-M1 നം കത്ത്.

**ഉത്തരവ്**

കേരള നിയമസഭ ലൈബ്രറി അന്താരാഷ്ട്ര പുസ്തകോത്സവത്തോടനുബന്ധിച്ച് നിയമസഭ സമുച്ചയത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ വച്ച് ജീവൻ ടി വി 2025 ജനുവരി 9 ന് വൈകിട്ട് 7 മണിക്ക് പ്രണയ ജീവകം എന്ന മെഗാ ഷോ സംഘടിപ്പിക്കുന്നുവെന്നും പ്രസ്തുത പരിപാടിക്ക് വിനോദസഞ്ചാര വകുപ്പിന്റെ സ്പോൺസർഷിപ്പ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ജീവൻ ടി.വി മാർക്കറ്റിംഗ് വിഭാഗം ജനറൽ മാനേജർ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ഉചിതമായ നടപടി സ്വീകരിക്കുന്നതിന് സർക്കാരിൽ സമർപ്പിച്ചു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള നിയമസഭ ലൈബ്രറി അന്താരാഷ്ട്ര പുസ്തകോത്സവത്തോടനുബന്ധിച്ച് നിയമസഭ സമുച്ചയത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ വച്ച് ജീവൻ ടി വി 2025 ജനുവരി 9 ന് സംഘടിപ്പിച്ച പ്രണയ ജീവകം മെഗാ ഷോയ്ക്ക് ***3452-80-104-98-00-34-03-പിവി- മാർക്കറ്റിംഗ്*** എന്ന ശീർഷകത്തിൽ നിന്നും സ്പോൺസർഷിപ്പ് ഇനത്തിൽ ***₹8,00,000/- (എട്ട് ലക്ഷം രൂപ മാത്രം)*** അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം ജീവൻ

ടി.വി മാർക്കറ്റിംഗ് വിഭാഗം ജനറൽ മാനേജർ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ജീവൻ ടി.വി മാർക്കറ്റിംഗ് വിഭാഗം ജനറൽ മാനേജർ ( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 15-04-2025 14:50:20
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എസ്സ്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എസ്സ്